"ഭരണഭാഷ-മാതൃഭാഷ"

# താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരി, വയനാട്

**പിൻ : 673 576,ഫോൺ-04936 256229** **email-thqh.vythiri@gmail.com**

നം.ഇ1/1517/2020/താ.ആ.വൈ തീയതി: 10/01/2025

## റീ ടെണ്ടർ/ ലേല പരസ്യം

താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരിയുടെ വികസന പ്രവർത്തനങ്ങൾക്കായി പുതിയ കെട്ടിടം KIFB പ്രകാരം നിർമ്മിക്കുന്നതിന് നഴ്സിംഗ് റൂം, ലബോറട്ടറി ബിൽഡിംഗ്, ക്വാർട്ടേഴ്സ് ബിൽഡിംഗ്, കിച്ചൺ എന്നിവ പൊളിച്ചു നീക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി എൽ എ 2 10748/2023/ആ.വ.ഡ. തീയതി 01/06/2024 പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കി സ്ഥലം വൃത്തിയാക്കുന്നതിന് താഴെപ്പറയുന്ന സ്ഥലത്തും, തീയതിയിലും , സമയത്തും ആശുപത്രി സൂപ്രണ്ടോ സൂപ്രണ്ട് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി റീ ടെണ്ടർ/ലേലം മുഖേന നടക്കുന്നതാണ്.

പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർ 5625/ നിരത ദ്രവ്യമായി

അടങ്കൽ തുക 225000/ രൂപ .

| | |
|---|---|
| ടെണ്ടർ നമ്പർ | |
| ലേല തീയതിയും സമയവും | 15/01/2025 2 PM |
| ടെണ്ടർ ഫോറം വിതരണം ആരംഭിക്കുന്ന തീയതിയും സമയവും | 15/01/2025 11 AM |
| ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന അവസാന തീയതിയും സമയവും | 29/01/2025 3 PM |
| ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 30/01/2025 11.30 PM |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 30/01/2025 2 P M ( ലേലത്തിന് ശേഷം) |
| ലേലം സമർപ്പിക്കേണ്ട അധികാരിയുടെ പദവിയും മേൽവിലാസവും | സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, വൈത്തിരി,പി ഒ, പിൻ 673576 |
| ലേല സ്ഥലം | ആശുപത്രി ഓഫീസിന് മുൻവശം |
| അടങ്കൽ തുക | 225000/ രൂപ |
| നിരത ദ്രവ്യം | 5625/ രൂപ DD വേണം |
| ടെണ്ടർ ഫോറത്തിന്റെ വില | 500+12 % GST |

<u>വിശദാംശങ്ങൾ</u>

താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരിയുടെ വികസന പ്രവർത്തനങ്ങൾക്ക് നഴ്സിംഗ് റൂം, ലബോറട്ടറി ബിൽഡിംഗ്, ക്വാർട്ടേഴ്സ് ബിൽഡിംഗ്, കിച്ചൺ എന്നീ

കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി സമർപ്പിച്ചിട്ടുള്ളതാണ്. കെട്ടിടം പൊളിച്ച് സൈറ്റ് ക്ലിയർ ചെയ്യുന്നതിനുള്ള ടെണ്ടർ ഫോറം ആശുപത്രി ഓഫീസിൽ 15/01/2025 ന് ഉച്ചക്ക് ശേഷം 2 മണി മുതൽ വിതരണം ചെയ്യുന്നതാണ്. സീൽഡ് ടെണ്ടർ ലേല സമയത്തിന് ശേഷം പരിശോധിക്കുന്നതും, ലേലത്തിനോ, ടെണ്ടറിലോ ഉള്ള കൂടിയ തുകക്ക് പ്രസ്തുത വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേല തുകക്ക് പ്രസ്തുത വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേല തുകക്ക് 18% ജി എസ് ടി യും ലേലം/ടെണ്ടർ ഉറപ്പിക്കുന്നവർ അടക്കേണ്ടതാണ്. താഴെപ്പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

## നിബന്ധനകൾ:

(1) ടെണ്ടറുകൾ മുദ്രവെച്ച കവറിൽ സമർപ്പിക്കണം.

(2) പ്രവൃത്തി ഉത്തരവ് ലഭിച്ചതിന്റെ 20 ദിവസത്തിനകം പ്രവൃത്തി സ്വന്തം ഉത്തരവാദിത്വത്തിൽ പൂർത്തിയാക്കേണ്ടതാണ്.

(3) നിരത ദ്രവ്യമായി 5625/ രൂപ ലേലം തുടങ്ങുന്നതിന് മുൻപായി പണമായി അടക്കേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചവർ ഉൾപ്പെടെ നിരതദ്രവ്യം അടക്കാത്ത വരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

(4) ലേലം/ടെണ്ടർ ഉറപ്പിച്ച തുകയുടെ 20% അന്നേ ദിവസം പ്രവൃത്തി സമയത്തിനുള്ളിൽ അടക്കേണ്ടതും ബാക്കി ഒരാഴ്ച്ചക്കുള്ളിൽ (ഏഴ് പ്രവൃത്തി ദിവസത്തിനുള്ളിൽ ) മുഴുവൻ തുകയും ഓഫീസിൽ ലേലം ഉറപ്പിച്ച തുകയും 18 % ജി എസ് ടിയും ഉൾപ്പെടെ അടവാക്കേണ്ടതാണ്.

(5) ഏഴ് പ്രവൃത്തി ദിവസത്തിനുള്ളിൽ മുഴുവൻ തുകയും അടക്കാൻ കഴിയാത്ത പക്ഷം ലേലം/ടെണ്ടർ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം ഉൾപ്പെടെയുള്ള തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമായിരിക്കും.

(6) പ്രവൃത്തി ചെയ്യുന്ന അവസരങ്ങളിൽ ആശുപത്രി കോമ്പൗണ്ടിലെ മറ്റ് കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കുവാൻ പാടുള്ളതല്ല.

(7) ആശുപത്രിയുടെ ദൈനംദിന പ്രവൃത്തികളെ ബാധിക്കുന്ന തരത്തിൽ യാതൊരു പ്രവർത്തനവും ലേലം/ടെണ്ടർ എടുക്കുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാകുവാൻ പാടുള്ളതല്ല.

(8) എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച മൂല്യ നിർണ്ണയ തുകയിൽ കൂടിയ തുക മാത്രമേ ടെണ്ടർ/ലേലം അന്തിമമാക്കുന്നതിന് പരിഗണിക്കുകയുള്ളു.

(9) ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്ന കവറിൽ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉള്ളടക്കംതാചെയ്യേണ്ടതാണ്.

(10) ടെണ്ടർ/ലേലം കൊള്ളുന്നവർ 200/ രൂപ മുദ്രപ്പത്രത്തിൽ പ്രാഥമിക ഉടമ്പടി സൂപ്രണ്ടുമായി ഉണ്ടാക്കേണ്ടതാണ്. തുടർന്ന് പ്രവർത്തന ഉത്തരവ് നൽകുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കേണ്ടതാണ്.

(11) ടെണ്ടർ/ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

(12) 30-01-2025 ന് 2 മണിക്ക് ലേലം ആരംഭിക്കുന്നതും, ലേലം അവസാനിച്ച ശേഷം ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതും ലേല നിരക്കുമായി താരതമ്യപ്പെടുത്തി ഏത് നിരക്കാണോ അധികം ആയത് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതുമാണ്.

ടെണ്ടർ നിബന്ധനകൾ

(1) ടെണ്ടർ ഫോറത്തിന്റെ വില 500 ഃ +12 % GST

(2) ടെണ്ടർ ഫോറം വിതരണം ചെയ്യുന്ന തീയതി ഃ 15/01/2025 ഉച്ചക്ക് 2 മണി മുതൽ.

(3) ടെണ്ടർ ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി ഃ 29/01/2025 ന് 3 മണി.

(4) ടെണ്ടർ ഫോറം സ്വീകരിക്കുന്ന തീയതി ഃ 30/01/2025 ന് 3 മണി.

(5) ടെണ്ടർ ഫോറം തുറക്കുന്ന തീയതി ഃ 30/01/2025 ലേലത്തിന് ശേഷം.

(6) നിരത ദ്രവ്യം ഃ രൂപ 5625/

(7) നിരത ദ്രവ്യം വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ആയിരിക്കണം. ടെണ്ടറിന്റെ കൂടെ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

(8) ടെണ്ടർ കവറിന് പുറത്ത് - വൈത്തിരി താലൂക്ക് ആസ്ഥാന ആശുപത്രി, കെട്ടിടം പൊളിക്കൽ എന്ന് കാണിച്ചിരിക്കണം.

TALUK HEAD QUARTERS HOSPITAL ★ VYTHIRI ★

SUPERINTENDENT
Taluk Head Quarters Hospital
Vythiri